

# "കയ്പുനീരിന്റെ" ജനകീയ രാഷ്ട്രീയം

മുസ്തഫ ദേശമംഗലം

ഒറ്റപ്പെട്ട ജനകീയ സമരങ്ങളുടെ പറുദീസയാണ് ഇന്ന് കേരളം. തല തിരിഞ്ഞ ഭരണസംവിധാനങ്ങൾ, രാഷ്ട്രീയ പ്രഭുക്കളുടെ കപടനാടകങ്ങൾ, മാധ്യമങ്ങളുടെ രാഷ്ട്രീയ തരംതിരിവുകൾ. ഇതിനിടയിൽ ജീവന്റെ അടിസ്ഥാനമായ വെള്ളത്തിനുവേണ്ടിയുള്ള ശബ്ദമില്ലാത്ത വരുടെ, തീർത്തും ഒറ്റപ്പെട്ട ചെറുത്തു നില്പായിരുന്നു പ്ലാച്ചിമടയിലെ കൊക്ക കോള കമ്പനിയ്ക്കെതിരെ തുടങ്ങിയ ആദി വാസികളുടെ സമരം. ഈ സമരം പ്ലാച്ചിമ ടയിലെ ജനങ്ങളുടെ മാത്രം സമരമായി മാധ്യമങ്ങൾ ചിത്രീകരിച്ചപ്പോഴായിരുന്നു സി. ശരത്ചന്ദ്രനും പി. ബാബുരാജും ഡോക്യുമെന്ററി സിനിമയുടെ സാധ്യതക ളുമായി സമരരംഗത്ത് എത്തിയത്. ഉദ്ഘോ ഷിക്കപ്പെടുന്ന - ജീവിതത്തിന്റെ ഓരങ്ങ ളിലേക്ക് വലിച്ചെറിയപ്പെട്ട പ്ലാച്ചിമടയിലെ ജനങ്ങളുടെ മുഖങ്ങളിൽ ക്യാമറ പതിഞ്ഞ പ്പോൾ ഒരുപക്ഷെ, അവർപോലും ചിന്തി ച്ചുകാണില്ല, ഇതൊരു അന്തർദേശീയ ശ്രദ്ധ പിടിച്ചു പറ്റുന്ന സമരം ആയിതീരുമെന്ന്. എല്ലാം തന്റേതെന്ന ഭാവത്തിൽ സ്വയം ഉള്ളിലേക്കു വലിയുന്ന കേരളീയ സമൂഹ ത്തിന് പ്ലാച്ചിമടയിലെ സമരം പ്ലാച്ചിമടയി ലേത് മാത്രമായി കാണാനേ കഴിയൂവെന്നി രിക്കെ, 'കയ്പുനീര്' എന്ന ഡോക്യുമെന്ററി സിനിമ ഈ സമരത്തിന് ഉണ്ടാക്കിയെടുത്ത അന്തർദേശീയ മാനം ചർച്ചചെയ്യപ്പെടേണ്ട തുതന്നെയാണ്. നിർഭാഗ്യവശാൽ നമ്മുടെ മുഖ്യധാരാ മാധ്യമങ്ങൾക്ക് ഇതിനുള്ള ഇട മില്ലാതെപോയി. എന്തുചെയ്യാൻ ...... ?

ഇന്ന് മാധ്യമങ്ങൾക്ക് 'പ്ലാച്ചിമട' ഒരു പ്രധാന വാർത്ത തന്നെയാണ്. കാരണം ജലം എന്ന അമൂല്യ പ്രകൃതി വിഭവം ഇന്നത്തെ പ്രധാന ചർച്ചാ വിഷയമായി എന്നതുതന്നെ. പ്ലാച്ചിമടയിലെ ജനങ്ങളുടെ ചെറുത്തുനിൽപ്പ് രണ്ടാം വർഷത്തിലേക്ക് പ്രവേശിച്ചപ്പോൾ നിരവധി അന്താരാഷ്ട്ര മാധ്യമങ്ങൾ ഈ സമരത്തെ അത്രകണ്ട് അവഗണിച്ചില്ല എന്നതും കേരളീയ മാധ്യ മങ്ങൾക്ക് പാഠം നൽകുന്ന ഒന്നാണ്.

ഒറ്റപ്പെടുത്തപ്പെടുന്ന ഇത്തരം ജനകീയ സമരങ്ങളെ ശക്തിപ്പെടുത്തുന്നതിൽ ഡോക്യുമെന്ററി സിനിമകൾക്ക് വളരെ യേറെ പങ്കുണ്ട് എന്നതിന് ഉത്തമോദാഹര ണമാണ് ബിറ്റർ ഡ്രിങ്ക് അഥവാ 'കയ്പു നീര്' എന്ന സിനിമ. ഒരു ദശാബ്ദത്തിനിട യിൽ ഒരു ജനകീയ സമരത്തിന് ഇത്രകണ്ട് പ്രചാരം നൽകിയ ഒരു ഡോക്യുമെന്ററി സിനിമയും കേരളത്തിൽ ഉണ്ടായിട്ടില്ല.

ഉന്നയിക്കപ്പെടുന്ന രാഷ്ട്രീയം യഥാസ മയം തിരിച്ചറിയുക എന്നതാണ് ഒരു ഡോക്യുമെന്ററി സംവിധായകന്റെ പ്രധാന ദൗത്യം. ഈ തിരിച്ചറിവിൽ നിന്നു മാത്രമെ ഒരു യഥാർത്ഥ ഡോക്യുമെന്ററി സിനിമ പിറ വിയെടുക്കുകയുള്ളൂ. ഇതു തന്നെയാണ് സി. ശരത്ചന്ദ്രന്റെയും പി. ബാബുരാജി ന്റെയും ഈ സിനിമ നിർവ്വഹിക്കുന്ന മർമ്മ പ്രധാനമായ ധർമ്മം.

ഇന്ത്യയ്ക്കു പുറത്തുള്ള പല രാജ്യങ്ങ ളിൽ നിന്നും ഡോക്യുമെന്ററി സംവിധായ കരും പത്രപ്രവർത്തകരും മനുഷ്യാവകാശ - ആരോഗ്യ പ്രവർത്തകരും പ്ലാച്ചിമടയി ലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഇവരു ടെയെല്ലാം പ്രചോദനം 'കയ്പുനീര്' എന്ന മുപ്പത് മിനിറ്റിന്റെ ഡോക്യുമെന്ററി സിനിമ തന്നെയാണ്. സിനിമാ തിയ്യേറ്ററുകളിൽ നിറ ഞ്ഞൊഴുകുന്ന ജനങ്ങളുണ്ടെങ്കിൽ അതിനു പിന്നിൽ അനേക പ്രചാരണ ഘടകങ്ങളു ണ്ട്. പക്ഷേ, ഒരു ജനകീയ സമരം ആഗോള ശ്രദ്ധ പിടിച്ചു പറ്റണമെങ്കിൽ അതിനു പിന്നിൽ എന്തു പ്രചരണമാണ് ഉള്ളത് ?

ഒരു ഡോക്യുമെന്ററി സിനിമയുണ്ടാ ക്കുക എന്നതിലുപരി അത് ജന ശ്രദ്ധയി ലേക്ക് കൊണ്ടുവരുക എന്നതാണ് പ്രധാ നം. ഇത്തരം പ്രദർശനങ്ങളാണ് സി. ശര ത്ചന്ദ്രൻ എന്ന വ്യക്തിയെ ശരിയായ ഡോക്യുമെന്ററി സിനിമാ സംവിധായകനാ ക്കുന്നത്, സാമൂഹ്യപ്രവർത്തകനും.

മുഖ്യധാര മാധ്യമങ്ങളില്ലെങ്കിലും പടു കൂറ്റൻ തിയ്യേറ്ററുകളില്ലെങ്കിലും ഒരു ജനത യുടെ മുറവിളി ജനശ്രദ്ധയിൽ കൊണ്ടുവ രാൻ കഴിയും എന്നതിന് നമുക്കും ഒരു ഉദാ ഹരണം കിട്ടിയിരിക്കുന്നു. അതാണ് 'കയ്പു നീര്'.

## ഡോക്യുമെന്ററി സിനിമകൾ

**കയ്പ് നീര്** പ്ലാച്ചിമട / (മലയാളം), Bitter Drink (English) കൊക്കകോള സമരം/ 25 മിനിറ്റ്. **കനവ്** : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസ (ഗുരുകുല) ത്തെക്കുറിച്ച്. / 35 മിനിറ്റ്. **ബാക്കിപത്രം**: ചാലിയാർ/മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച് / 35 മിനിറ്റ്. സംവി ധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം: തേഡ് ഐ കമ്യൂണിക്കേഷൻ.

**'രാം കി നാം' മലയാളത്തിൽ**
**'ദൈവത്തിന്റെ നാമത്തിൽ'**

സംവിധാനം : **ആനന്ദ് പട്വർധൻ**

80 മിനിട്ട് ഡോക്യുമെന്ററി. മൊഴിമാറ്റം : പി.രവി വർമ്മ, കെ.എൻ.ഷാജി, സനൽ പോറ്റി, ആൻസി ശരത്

**വി.സി.ഡി/ഡി.വി.ഡി/വി.എച്ച്.എസ് കാസറ്റ്. കോപ്പികൾക്കും** പ്രദർശനത്തിനും **: മാനേജർ, കേരളീയം,** തൃശൂർ 21. ഫോൺ : 0487-2421385, 2991016